# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2156** | **19.06.2012- ൽ മറുപടിക്ക്**

**ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിൽ ഉദ്യോഗസ്ഥയുടെ സസ്പെൻഷൻ**

| | ചോദ്യം<br>ശ്രീ.ജി.സുധാകരൻ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് ഓഫീസറെ സസ്പെന്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി. ആർ.ചെല്ലമ്മാളിനെ 06.01.2012 മുതൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തീരുമാനപ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. സ്ഥാപനം ഓർഡർ ചെയ്യാത്ത 17 ഇൻഡക്ഷൻ കുക്കർ മില്ലിൽ വന്നതായി വ്യാജരേഖയുണ്ടാക്കി അക്കൗണ്ട്സ് ആഫീസർ എന്ന അധികാരം ദുർവിനിയോഗം ചെയ്തതിനും ക്യാഷ്യറെ ഭയപ്പെടുത്തി 29,240/-രൂപ അപഹരിച്ചതിനുമാണ് മേൽ നടപടിയെടുത്തത്. |
| (ബി) | സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥയ്ക്കെതിരെ ഏതെല്ലാം വിധത്തിലുള്ള അന്വേഷണത്തിനാണ് ഉത്തരവിട്ടിട്ടുള്ളത്; അന്വേഷണം പൂർത്തിയായോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) & (സി) | കരീലകുളങ്ങര പോലീസ് സ്റ്റേഷനിൽ ഇതുമായി ബന്ധപ്പെട്ട് പരാതി നല്കിയിട്ടുണ്ട്. കൂടാതെ 06.01.2012-ലെ ബോർഡ് തീരുമാനപ്രകാരം വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ഡൊമസ്റ്റിക് എൻക്വയറിയും നടക്കുന്നുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല. |
| (സി) | അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ